Break the Chain

# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

150 YEARS OF CELEBRATING THE MAHATMA

സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ
(ഹാജർ : ശ്രീമതി റ്റി.വി.അനുപമ ഐ.എ.എസ്, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)

വിഷയം : വനിതാ ശിശു വികസന വകുപ്പ്, ഐ.സി.പി.എസ് - 2021-22 സാമ്പത്തിക വർഷം ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിലെ കുട്ടികളുടെ മാനസികോല്ലാസത്തിനായി കുട്ടികളുടെ പിറന്നാൾ ആഘോഷം, ഓണം, ക്രിസ്മസ്, ഈദ്, വാർഷികാഘോഷം, തുടങ്ങിയ ദിനങ്ങളിൽ ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള അനുമതി നൽകി തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : (1) 21/04/2021-ന് കൂടിയ വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ്.
(2) 24/05/2021-ലെ GO(Rt) No. 346/2021/SJD നമ്പർ സർക്കാർ ഉത്തരവ്.

## ഉത്തരവ് നമ്പർ : ICPS 2/1328/2021 തീയതി : 07/06/2021

വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിലെ കുട്ടികൾക്ക് 2021-22 സാമ്പത്തിക വർഷം ഓണം (ഓണസദ്യ, പൂക്കളം), ക്രിസ്മസ് (കേക്ക്, ഭക്ഷണം, അലങ്കാരങ്ങൾ, പുൽക്കൂട്), ഈദ് (ഭക്ഷണം, അലങ്കാരങ്ങൾ), വാർഷികാഘോഷം (ആവശ്യമായ സജ്ജീകരണങ്ങൾ), കുട്ടികളുടെ പിറന്നാൾ ആഘോഷം തുടങ്ങിയ ദിനങ്ങളിൽ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ മായിത്തറ, ആലപ്പുഴ നൂറനാട്, തൃശൂർ, കോഴിക്കോട് ബോയ്സ് എന്നിവിടങ്ങളിലെ ഗവ ചിൽഡ്രൻസ് ഹോമുകൾക്ക് 30,000/-രൂപ വീതവും, എറണാകുളം, കോഴിക്കോട് ഗേൾസ് എന്നീ ചിൽഡ്രൻസ് ഹോമുകൾക്ക് 50,000/-രൂപ വീതവും പത്തനംതിട്ട, പാലക്കാട്, കണ്ണൂർ ബോയ്സ്, മലപ്പുറം, വയനാട്, കണ്ണൂർ ഗേൾസ് ഹോം, കാസർഗോഡ് എന്നീ ചിൽഡ്രൻസ് ഹോമുകൾക്ക് 20,000/-രൂപ വീതവും കൂടി ആകെ 4,50,000/-രൂപ പരാമർശം ഒന്ന് പ്രകാരം കൂടിയ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കുകയും ആയതിന് അനുമതി ലഭിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 16 ഗവ ചിൽഡ്രൻസ് ഹോമിലെ കുട്ടികൾക്കായി മേൽപ്പറഞ്ഞത് പ്രകാരമുള്ള ആഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 4,50,000/-രൂപ 2235-02-102-36(P)-02 ഹെഡിൽ നിന്നും ചുവടെ ചേർക്കും പ്രകാരം ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി പരാമർശം രണ്ട് സർക്കാർ ഉത്തരവ് പ്രകാരം ലഭ്യമായി. ഒരോ സ്ഥാപനങ്ങൾക്കും ഭരണാനുമതി ലഭ്യമായ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു

| നമ്പർ | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|
| 1 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്,പൂജപ്പുര, തിരുവനന്തപുരം | 30,000/-രൂപ |
| 2 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്,കൊല്ലം | 30,000/-രൂപ |
| 3 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്,കോട്ടയം | 30,000/-രൂപ |

PTO

| | | |
|---|---|---|
| 4 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, മായിത്തറ, ആലപ്പുഴ | 30,000/-രൂപ |
| 5 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, നൂറനാട്, ആലപ്പുഴ | 30,000/-രൂപ |
| 6 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്,രാമവർമ്മപുരം, തൃശൂർ | 30,000/-രൂപ |
| 7 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്,വെള്ളിമാടുകുന്ന്, കോഴിക്കോട് | 30,000/-രൂപ |
| 8 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, തലശ്ശേരി, കണ്ണൂർ | 20,000/-രൂപ |
| 9 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്,കാക്കനാട്, എറണാകുളം | 50,000/-രൂപ |
| 10 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്,വെള്ളിമാടുകുന്ന്, കോഴിക്കോട് | 50,000/-രൂപ |
| 11 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, വയലത്തല,പത്തനംതിട്ട | 20,000/-രൂപ |
| 12 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്,മുട്ടിക്കുളങ്ങര, പാലക്കാട് | 20,000/-രൂപ |
| 13 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തലശ്ശേരി, കണ്ണൂർ | 20,000/-രൂപ |
| 14 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തവനൂർ, മലപ്പുറം | 20,000/-രൂപ |
| 15 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കണിയാമ്പറ്റ, വയനാട് | 20,000/-രൂപ |
| 16 | ഗവ ഒബ്സർവേഷൻ ഹോം അൻഡ് സ്പെഷ്യൽ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, പരവനടുക്കം, കാസർഗോഡ് | 20,000/-രൂപ |
| | ആകെ തുക | 4,50,000/-രൂപ |
| | (നാല് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) | |

ടി സാഹചര്യത്തിൽ 2021-22 സാമ്പത്തിക വർഷം ഓണം (ഓണസദ്യ, പൂക്കളം), ക്രിസ്മസ് (കേക്ക്, ഭക്ഷണം, അലങ്കാരങ്ങൾ, പുൽക്കൂട്), ഈദ് (ഭക്ഷണം, അലങ്കാരങ്ങൾ), വാർഷികാഘോഷം (ആവശ്യമായ സജ്ജീകരണങ്ങൾ), കുട്ടികളുടെ പിറന്നാൾ ആഘോഷം തുടങ്ങിയ ദിനങ്ങളിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ഭരണാനുമതി ലഭ്യമായ 4,50,000/-രൂപ (നാല് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിച്ചു ഉത്തരവാകുന്നു. ചിൽഡ്രൻസ് ഹോമുകൾക്ക് തുക അനുവദിക്കേണ്ടത് സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

| നമ്പർ | സ്ഥാപനത്തിന്റെ പേര് | തുക അലോട്ട്മെന്റ് ആയി അനുവദിക്കേണ്ട വ്യക്തി | തുക |
|---|---|---|---|
| 1 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്,പൂജപ്പുര, തിരുവനന്തപുരം | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, തിരുവനന്തപുരം | 30,000/-രൂപ |
| 2 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്,കൊല്ലം | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, കൊല്ലം | 30,000/-രൂപ |
| 3 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്,കോട്ടയം | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, കോട്ടയം | 30,000/-രൂപ |
| 4 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, മായിത്തറ, ആലപ്പുഴ | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, ആലപ്പുഴ | 30,000/-രൂപ |
| 5 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, നൂറനാട്, ആലപ്പുഴ | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, ആലപ്പുഴ | 30,000/-രൂപ |

| | | | |
|---|---|---|---|
| 6 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്,രാമവർമ്മപുരം, തൃശൂർ | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, തൃശൂർ | 30,000/-രൂപ |
| 7 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്,വെള്ളിമാടുകുന്ന്, കോഴിക്കോട് | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, കോഴിക്കോട് | 30,000/-രൂപ |
| 8 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്,കണ്ണൂർ | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, കണ്ണൂർ | 20,000/-രൂപ |
| 9 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്,കാക്കനാട്, എറണാകുളം | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, എറണാകുളം | 50,000/-രൂപ |
| 10 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്,വെള്ളിമാടുകുന്ന്, കോഴിക്കോട് | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, കോഴിക്കോട് | 50,000/-രൂപ |
| 11 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, പത്തനംതിട്ട | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, പത്തനംതിട്ട | 20,000/-രൂപ |
| 12 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, മുട്ടിക്കുളങ്ങര, പാലക്കാട് | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, പാലക്കാട് | 20,000/-രൂപ |
| 13 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്,കണ്ണൂർ | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, കണ്ണൂർ | 20,000/-രൂപ |
| 14 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, മലപ്പുറം | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, മലപ്പുറം | 20,000/-രൂപ |
| 15 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കണിയാമ്പറ്റ, വയനാട് | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, വയനാട് | 20,000/-രൂപ |
| 16 | ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, പരവനടുക്കം, കാസർഗോഡ് | ജില്ലാ വനിതാ ശിശു വികസന ഓഫീസർ, കാസർഗോഡ് | 20,000/-രൂപ |
| ആകെ തുക | | 4,50,000/-രൂപ (നാല് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) | |

ടി തുക (4,50,000/-രൂപ) നടപ്പു സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ് ശീർഷകമായ 2235-02-102-36-02 (P)-യിൽ നിന്നും അതാത് ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്. ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ മേൽപ്പട്ടിക പ്രകാരമുള്ള തുക നിശ്ചിത ജെ.ജെ സ്ഥാപന സൂപ്രണ്ടുമാർക്ക് അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്.

നിശ്ചിത ആവശ്യങ്ങളിലേയ്ക്കായി അനുവദിക്കുന്ന തുക വക മാറ്റി ചെലവഴിക്കാതിരിക്കുവാൻ സ്ഥാപനസൂപ്രണ്ടുമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സ്ഥാപന സൂപ്രണ്ടുമാർ പ്രസ്തുത തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ്, കൈപ്പറ്റ് രസീത് എന്നിവ ഈ കാര്യാലയത്തിൽ

ലഭ്യമാക്കേണ്ടതാണ്. ആയതിന്റെ പകർപ്പ് ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

സ്ഥാപനങ്ങളിൽ ആഘോഷ പരിപാടികൾ സംഘടിപ്പിക്കുമ്പോൾ ആരോഗ്യവകുപ്പ് പുറപ്പെടുവിച്ച കോവിഡ്-19 സുരക്ഷാ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. ആഘോഷ പരിപാടികളിൽ പുറത്തു നിന്നുള്ളവരെ ഒഴിവാക്കുവാൻ സ്ഥാപന സൂപ്രണ്ട് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ,
വനിതാ ശിശു വികസന വകുപ്പ്
ആൻഡ് മെമ്പർ സെക്രട്ടറി
(എസ്.സി.പി.എസ്)

ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക്

<u>പകർപ്പ്</u>

1) ബന്ധപ്പെട്ട ജെ.ജെ സ്ഥാപന സൂപ്രണ്ടുമാർക്ക്
2) സൂപ്രണ്ട്, അലോട്ട്മെന്റ് സെക്ഷൻ
(അലോട്ട്മെന്റ് നൽകുന്നതിനു വേണ്ടി)
3) ഐ.സി.പി.എസ്-4
(എക്സ്പെൻഡിച്ചർ രജിസ്റ്ററിൽ
ആവശ്യമായ രേഖപ്പെടുത്തൽ വരുത്തണം)
4) സ്റ്റോക്ക് ഫയൽ
5) സ്പെയർ കോപ്പി

ഉത്തരവിൻപ്രകാരം

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM-12
★ WOMEN & CHILD DEVELOPMENT DEPARTMENT ★

പ്രോഗ്രാം മാനേജർ